# INTERNATIONAL INDIAN SCHOOL DAMMAM

## SECOND TERM EXAMINATION

## DECEMBER 2017 - MALAYALAM CLASS – X

Time : 3Hrs. Total Marks :80

എ–വിഭാഗം

1.താഴെയുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഇന്നു നമ്മുടെ വനഭൂമിയിൽ നിയന്ത്രണം ഇല്ലാതെ കയ്യേറ്റം നടന്നു കൊണ്ടിരിക്കുകയാണ്. പണ്ടൊരുകാലത്ത് പട്ടിണികൊണ്ട് കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ചു ഒരുപിടി മണ്ണ് സ്വന്തമാക്കിയവരുടെ കഥയല്ല ഇന്നത്തെ വനം കയ്യേറ്റം. കൈക്കരുത്തും രാഷ്ട്രീയസ്വാധീനവുമുള്ളവരുടെ വെട്ടിപ്പിടിക്കലാണ് ഇന്നത്തെ കയ്യേറ്റം. ആദിവാസികളുടെ ഭൂമി വിൽക്കാനോ വാങ്ങാനോ പാടില്ല എന്ന നിയമം അവഗണിച്ച് അവരുടെമണ്ണുകയ്യടക്കി, ആദിവാസികളുടെ സർവ്വസ്വവും നഷ്ടപ്പെടുത്തി, കൊടുംകാടുകൾ വെട്ടി റോഡുകളും എസ്റ്റേറ്റുകളും കഞ്ചാവുത്തോട്ടങ്ങളുമാക്കി മാറ്റി, ഇങ്ങനെ ആദിവാസികളോടു ഭൂമാഫിയകൾ ചെയ്തിട്ടുള്ളദ്രോഹങ്ങൾ ഏറെയാണ്. പുരോഗതിയുടെ പേരും പറഞ്ഞാണു ഇത്തരം പ്രവർത്തനങ്ങളെല്ലാം നടക്കുന്നത്.ഇടുക്കി എന്ന മനോഹരമായവിനോദസഞ്ചാരകേന്ദ്രത്തിൻെറ അവസ്ഥ വളരെശോചനീയമാണ്. വൃക്ഷസാന്ദ്രമായ ആർദ്രച്ഛായാഭൂമി ഇന്ന് ഏതാണ്ട് തരിശായിക്കഴിഞ്ഞു. മണ്ണൊലിച്ചു പ്രദേശങ്ങളെല്ലാം ജനവാസയോഗ്യമല്ലാതായിരിക്കുന്നു. ഇക്കരണങ്ങളാൽ ആദിവാസികൾ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മലയിറങ്ങിത്തുടങ്ങിയിരിക്കുന്നു. പുരോഗതിയുടെ പേരു പറഞ്ഞ് സർക്കറിൻെറ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങൾ വിരോധാഭാസമായി മാറിയിരിക്കുന്നു. സർക്കാർ കുന്നുകളിലെ മണ്ണിളക്കി വിദേശ മരങ്ങൾ നട്ടു. പ്രകൃതിക്കു വിരുദ്ധമായ കെട്ടുടങ്ങൾ പണിയാനുള്ള അനുമതി നൽകി.ഇതെല്ലാം ഉരുൾപ്പൊട്ടൽ പോലുള്ള ദുരന്തങ്ങൾക്ക് കാരണമായി.കൂടാതെ വേനലിൽ വരൾച്ചയും കുടിവെള്ളക്ഷാമവും രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കൃഷി ക്ഷയിക്കുകയും ചെയ്തു.

1. പണ്ടത്തെ വനം കയ്യേറ്റവും ഇന്നത്തെവനം കയ്യേറ്റവും എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? 2

2.ആദിവാസികളോടു ഭൂമാഫിയകൾ ചെയ്തിട്ടുള്ള ക്രൂരതകൾ എന്തെല്ലാം? 2

3.ഇടുക്കിയുടെ ഇന്നത്തെ അവസ്ഥ എന്താണ്? 2

4.സർക്കാരിൻെറ ഭാഗത്തു നിന്നുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രകൃതിക്കു ദോഷമായി തീർന്നിട്ടുള്ളത്? 2

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക: 2

ബി–വിഭാഗം

2(a) ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക 8

1.ഇൻെറർനെറ്റിൻെറ സ്വാധീനം വിദ്യാർത്ഥികളിൽ.

2.സ്ത്രീസമത്വം.

3.മൂല്യശോഷണം ആധുനികസമൂഹത്തിൽ.

(b) സ്വകാര്യക്കമ്പനിയുടെ നിർമ്മാണപ്രവർത്തനം മൂലം പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക 8

സി–വിഭാഗം

3(a) പ്രയോഗം മാറ്റുക 2x1=2

1. കാക്കയുടെ പുരാണപാരായണം എന്നെ സ്വാധീനിച്ചിരുന്നു.

2 ഈ കുതിര എൻെറ പൂർവികരാൽ അംഗമാടി വീണ്ടെടുക്കപ്പെട്ടു.

(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക 2x1=2

1. സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം ഓടിച്ചുകളഞ്ഞു.

2. മകനെ സുഖമായി വളർത്താനും വിദ്യഭ്യാസം ചെയ്യിക്കാനും വേണ്ടി അയൽ വീടുകളിൽ ഭൃത്യപ്പണി ചെയ്തു വളരെ കഷ്ടങ്ങളനുഭവിച്ച വൃദ്ധമാതാവ് മകനു കത്ത്എഴുതാൻ തീരുമാനിച്ചു.

(c) പിരിച്ചെഴുതി സന്ധി നിർണയിക്കുക

2x1=2

1.പുന്നയോ

2.മൊഴിച്ചന്തം

(d)വിഗ്രഹിച്ച് സമാസം നിർണയിക്കുക 2x1=2

1.കാട്ടുചോലകൾ

2.തോൽ വളയം

(e) രണ്ടു പര്യായ പദം വീതം എഴുതുക 2x1=2

1. ഇരുട്ട്

2.മണ്ണ്

(f) നാനാർഥപദങ്ങൾ എഴുതുക 2x1=2

1.അന്നം

2.യതി

(g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2x1=2

1. മുണ്ടിൻെറ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി ഉറപ്പിച്ചു നിജം വരുത്തി

2. ശാന്താമുത്തശ്ശി ഒരു പഴയ ചാക്ക് തോളിലിട്ട് പാതയിലോ പറമ്പിലും ഒക്കെ നടന്ന് പലതും പെറുക്കിക്കൂട്ടി വിറ്റുതുടങ്ങി

4 ബ്രായ്ക്കറ്റുൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക

(a) വിപരീതപദമെഴുതുക 2x1/2=1

1. ഗതം (നിർഗതം,വിഗതം,ആഗതം,സുഗതം)

2. നിന്ദ (സ്തുതി,അനിന്ദ,സുനിന്ദ,നിഷിക്കൽ)

(b)അർഥവ്യത്യാസമെഴുതുക 2x1/2=1

1.സകല–സുഫല (വാഴ,പ്ലാവ്,പകുതി,മുഴുവൻ)

2.ഓരം–ഹാരം (നീളം,വീതി,വശം,മാല)

(c)എതിർലിംഗം എഴുതുക 2x1/2=1

1. ഭഗവതി (ഭവതി,ഭവാൻ,ഭാഗ്യവാൻ,ഭഗവാൻ)

2. പണ്ഡിതൻ (പണ്ഡിതത്തി,പാമര,പണ്ഡിത,പാണ്ഡിണി)

ഡി–വിഭാഗം

5(i) ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക 5x1/2=21/2

a) താഴെ തന്നിരിക്കുന്നവയിൽ ഒ.വി.വിജയൻെറ കൃതിയേത്?

(കാലം,മാഹിയുടെ തീരത്ത്,ഇനി ഞാനുറങ്ങട്ടെ,ഖസാക്കിൻെറ ഇതിഹാസം)

b) ഏ.പി.ഉദയഭാനുവിൻെറ അഭിപ്രായത്തിൽ കവിഭാവനയെ ഏറ്റവും ഉന്മത്തമാക്കിയിട്ടുള്ള വൃക്ഷമേത്?

(പുന്ന,ആഞ്ഞിലി,ചമ്പകം,മാവ്)

c) "മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണു ചെറുകഥാരചനയിൽ എൻെറ ആദ്യത്തെ ഗുരുനാഥ"–ആരുടെ?

(മാധവിക്കുട്ടിയുടെ,എസ്.കെ.പൊറ്റക്കാടിൻെറ,ബഷീറിൻെറ,ഒ.വി.വിജയൻെറ)

d) താഴെ തന്നിരിക്കുന്നവയിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കഥയേത്?

(കടൽതീരത്ത്,അക്കർമാശി,കൊച്ചുചക്കരച്ചി,ഉതുപ്പാൻെറ കിണർ)

e) ആരുടെസംഭാഷണം ആണു വെള്ളായിയപ്പൻെറ കഴുത്തിൽ ഒരു കൊലക്കയറിനെ പോലെ ചുറ്റിമുറുകിയത്?

(കണ്ടുണ്ണിയുടെ,അപരിചിതൻെറ,പാറാവുകാരൻെറ,കോടച്ചിയുടെ)

5(ii) 5x1/2=21/2

a) മനോഹരമായ കവിതകൾകൊണ്ട് മലയാളസിനിമാ ഗാനരംഗത്തെ ധന്യമാക്കിയ കവിയാര്?

(വള്ളത്തോൾ,ഇടശ്ശേരി,വയലാർ രാമവർമ്മ,റഫീക്ക് അഹമ്മദ്)

b) താഴെ തന്നിരിക്കുന്നവയിൽ കുമാരനാശാൻ എഴുതിയ ഖണ്ഡകാവ്യം ഏത്?

(നളിനി,ഉമാകേരളം,ശിഷ്യനും മകനും,അച്ഛനും മകളും)

c) അശ്വമേധം എന്ന കവിതയിലൂടെ വയലാർ വ്യക്തമാക്കുന്ന ചിത്രം എന്ത്?

(പ്രകൃതിവർണന,മാനവപുരോഗതി,ഭാഷയുടെ വളർച്ച,യുദ്ധം)

d) താഴെ തന്നിരിക്കുന്നവയിൽ മധുസൂദനൻ നായരുടേതല്ലാത്ത കൃതിയേത്?

(കാവിലെ പാട്ട്,ഗാന്ധി,നാറാണത്തുഭ്രാന്തൻ,ഗാന്ധർവ്വം)

e) അമ്മത്തൊട്ടിൽ എന്ന കവിത എഴുതിയതാര്?

(ഓ.എൻ.വി,റഫീക്ക് അഹമ്മദ്,മുരുകൻ കാട്ടാക്കട,രമേശൻ നായെർ)

6(i) ഉത്തരമെഴുതുക 3X4=12

1."കഷ്ടകാലമഖിലം കഴിഞ്ഞു ഹാ"ആരുടെ കഷ്ടകാലം?

കഷ്ടകാലം തീർന്നു എന്നു പറയാൻ കാരണം എന്ത്?

2.അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക:

3.അശ്വമേധം എന്ന കവിതയിലൂടെ വയലാർ തുറന്നു കാട്ടുന്ന ആശയം എന്ത്?

6(ii) 3X4=12

1. വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയെല്ലാം?

2. അക്കർമാശി എന്ന പാഠഭാഗത്തു തെളിയുന്ന സാമൂഹിക ജീവിതത്തെ കുറിച്ചു വിശദീകരിക്കുക

3."അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി"-ഏതായിരുന്നു ആ കഥകൾ

7 ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 2x4=8

1.ചട്ടമ്പിസ്വാമികളുടെ ശിഷ്യരുടെയും അനുയായികളുടെയും പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിക്കുക

2."വിജ്ഞാനദാഹിയായ വിപ്ലവകാരി"എന്നു ചട്ടമ്പിസ്വാമികളെ വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട്?

3. ചട്ടമ്പിസ്വാമികളുടെ ഷഷ്ഠ്യബ്ദിപൂർത്തി ആഘോഷവും എഴുമറ്റൂർ ആശ്രമവും തമ്മിലുള്ള. ബന്ധത്തെക്കുറിച്ച് വിശദീകരിക്കുക

*******